# സർക്കാർ വനിതാ പോളിടെക്നിക് കോളേജ് ,
# തിരുവനന്തപുരം-695040

ഈ-മെയിൽ -wptctvm@yahoo.co.in ഫോൺനമ്പർ-0471-2491682

നം.ഡി/855/2023/WPC-KMN തിയതി :-10.06.2024

**<u>ക്വട്ടേഷൻ നോട്ടീസ്</u>**

സർക്കാർ വനിതാ പോളിടെക്നിക് കോളേജിലെ വിദ്യാർത്ഥിനികൾക്കും ജീവനക്കാർക്കും വേണ്ടി ടി സ്ഥാപനത്തിൽ 2024 -25 വർഷത്തേക്ക് ക്യാന്റീൻ നടത്തുവാൻ താല്പര്യമുള്ള വ്യക്തികളിൽ / സ്ഥാപനങ്ങളിൽ നിന്നും അനുബന്ധമായി ചേർത്തിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി ക്യാന്റീൻ പ്രവർത്തിപ്പിക്കുന്നതിന് മുദ്ര വച്ച ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു .

<u>ക്വട്ടേഷനുകൾ സ്വീകരിക്കുന്ന അവസാന തിയതിയും സമയവും 5.07.2024 ഉച്ചയ്ക്ക് 3.00 മണി വരെ ആയിരിക്കും. ക്വട്ടേഷനുകൾ തുറക്കുന്ന തീയതിയും സമയവും 5.07.2024 ഉച്ചയ്ക്ക് 3.30.</u>

താഴെ പറയുന്ന ഭക്ഷ്യ വസ്തുക്കളുടെയും പാനീയങ്ങളുടെയും തൂക്കവും വിലയും പ്രത്യേകം രേഖപ്പെടുത്തിയിരിക്കണം .ക്വട്ടേഷൻ സമർപ്പിക്കേണ്ടത് കുറഞ്ഞത് 1 (ഒന്ന്) രൂപയുടെ ഗുണിതങ്ങളായി വേണം വിലകൾ രേഖപ്പെടുത്തേണ്ടത് .

| SL NO. | ഇനം | വിലവിവര പട്ടിക |
|---|---|---|
| | <u>പ്രാതൽ</u> | |
| 1 | ചായ | 1 ഗ്ലാസ്സ് (180 മില്ലി) |
| 2 | കട്ടൻ ചായ | 1 ഗ്ലാസ്സ് (180 മില്ലി) |
| 3 | കോഫി | 1 ഗ്ലാസ്സ് (180 മില്ലി) |
| 4 | കട്ടൻ കോഫി | 1 ഗ്ലാസ്സ് (180 മില്ലി) |
| 5 | ദോശ | 75 ഗ്രാം |
| 6 | ഇഡലി | 75 ഗ്രാം |
| 7 | അപ്പം | 75 ഗ്രാം |
| 8 | ചപ്പാത്തി | 75 ഗ്രാം |
| 9 | പൂരി | 75 ഗ്രാം |
| 10 | ബറോട്ട | 75 ഗ്രാം |
| 11 | പുട്ട് | 1 കഷണം (75 ഗ്രാം) |
| 12 | കടലക്കറി | 150 ഗ്രാം |
| 13 | മുട്ടക്കറി | 150 ഗ്രാം |
| 14 | കിഴങ്ങ് കറി | 150 ഗ്രാം കുറയാതെ |
| 15 | കൊഴുക്കട്ട | 150 ഗ്രാം കുറയാതെ |
| 16 | ഓംലെറ്റ് | സിംഗിൾ |
| 17 | ഓംലെറ്റ് | ഡബ്ബിൾ |
| 18 | നാരങ്ങാവെള്ളം / സോഫ്റ്റ് ഡ്രിങ്ക്സ് കലക്കിയത് | 300 മി.ലി |
| 19 | ഐസ്ക്രീം | |
| 20 | പഴം സർബത്ത് (ഏതെങ്കിലും) | |
| 21 | വാട്ടർ ബോട്ടിൽ | |
| 22 | ബിസ്ക്കറ്റുകൾ | |

Draft #8 of File D/855/23/WPC-KMN Approved by Principal on 11-Jun-2024 12:36 PM - Page 1

| | | |
|---|---|---|
| 23 | പഴവർഗങ്ങൾ | |
| ലഘു ഭക്ഷണം | | |
| 24 | പഴം പൊരി (ഏത്തക്കാപ്പം) | 100 ഗ്രാം |
| 25 | ഉള്ളി വട | 50 ഗ്രാം |
| 26 | പരിപ്പ് വട | 50 ഗ്രാം |
| 27 | ഉഴുന്ന് വട | 50 ഗ്രാം |
| 28 | ബജി | 75 ഗ്രാം |
| 29 | ബോണ്ട | 75 ഗ്രാം |
| 30 | മോദകം | 75 ഗ്രാം |
| 31 | ഇലയപ്പം | 75 ഗ്രാം |
| 32 | സമോസ | 50 ഗ്രാം |
| 33 | കാരവട | 50 ഗ്രാം |
| ഊണ് | | |
| 34 | ഇറച്ചിക്കറി(പോത്ത്) | 150 ഗ്രാമിൽ കുറയാതെ |
| 35 | ഇറച്ചിക്കറി (കോഴി) | 150 ഗ്രാം |
| 36 | മീൻകറി | 150 ഗ്രാം |
| 37 | മീൻ വറുത്തത് | 100 ഗ്രാം |
| 38 | തൈര് | 100 മി.ലി |
| 39 | ഊണ് സ്റ്റാൻഡേർഡ് പരിപ്പ് സാമ്പാർ , രസം പുളിശ്ശേരി , മോര് അവിയൽ അച്ചാർ തോരൻ പച്ചടി പർപ്പടം ഉൾപ്പെടെ | |

പ്രിൻസിപ്പാൾ

<u>വ്യവസ്ഥകളും നിബന്ധനകളും</u>

1. കാന്റീൻ നടത്താൻ ലൈസൻസ് ഉള്ള വ്യക്തികൾ മാത്രം ക്വട്ടേഷൻ സമർപ്പിക്കുക .

2. കാന്റീൻ നടത്തിപ്പിനായി അനുബന്ധത്തിൽ നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾ കർശനമായി പാലിച്ചുകൊള്ളാമെന്നുള്ള സത്യപ്രതിജ്ഞ ക്വട്ടേഷനോടൊപ്പം പ്രത്യേകം ഉൾപ്പെടുത്തേണ്ടതാണ്.

3. കാന്റീൻ പ്രവർത്തനത്തിന് മുൻ പരിചയമുള്ളവർക്ക് പ്രത്യേക പരിഗണന ഉണ്ടായിരിക്കുന്നതാണ് . ആയത് തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം ക്വട്ടേഷനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

4. കോവിഡ് -19 സംബന്ധിച്ച് സർക്കാരിന്റെ കാലാകാലങ്ങളിലുള്ള നിയന്ത്രണങ്ങൾ പൂർണമായി പാലിച്ചു വേണം കാന്റീൻ പ്രവർത്തിപ്പിക്കേണ്ടത്.

5. ക്വട്ടേഷനുകൾ ഉള്ളടക്കം ചെയ്തു കവറിനു പുറത്ത് ക്വട്ടേഷൻ നമ്പറിനോടൊപ്പം കാന്റീൻ നടത്തിപ്പിനായി സമർപ്പിക്കുന്നത് എന്ന് പ്രത്യേകം രേഖപ്പെടുത്തിയിരിക്കണം .

6. **ചായയ്ക്ക് മിൽമ പാൽ മാത്രം ഉപയോഗിക്കുക . കേരള സർക്കാരിന്റെ അംഗീകാരമുള്ള വെളിച്ചെണ്ണ (കേര) മാത്രം പാചകത്തിന് ഉപയോഗിക്കുക . കൂടാതെ ചായപ്പൊടി ബ്രൂക്ക് ബോണ്ട്/ റെഡ് ലേബൽ / 3 റോസസ് എന്നിവ ഉപയോഗിക്കുക .**

7. കാന്റീൻ പ്രവർത്തന സമയം **രാവിലെ 8 മണി മുതൽ വൈകുന്നേരം 5 മണിവരെ** ആയിരിക്കണം .പ്രാതൽ സമയം **രാവിലെ 8 മണി മുതൽ 10.30 വരെ , ലഘു ഭക്ഷണം രാവിലെ 8 മണി മുതൽ 11 വരെയും , ഉച്ച ഭക്ഷണം ഉച്ചയ്ക്ക് 12 മുതൽ 2 മണിവരെ** എന്നിങ്ങനെ ആയിരിക്കണം .

8. പ്രഭാത ഭക്ഷണത്തിന് ഒപ്പം **സൗജന്യമായി സാമ്പാറോ ചട്നി കറിയോ** നൽകേണ്ടതാണ്.

Draft #8 of File D/855/23/WPC-KMN Approved by Principal on 11-Jun-2024 12:36 PM - Page 2

9. പ്രാതലിന് ദിവസവും കുറഞ്ഞത് രണ്ട് തരം ഭക്ഷണം എങ്കിലും ഉണ്ടായിരിക്കണം ഓരോ ദിവസവും വ്യത്യസ്തയിനത്തിൽപ്പെട്ട ഭക്ഷണം തയ്യാറാക്കുക.

10. ക്യാന്റീനിൽ സ്ഥലപരിമിതി ഉള്ളതിനാൽ **സ്ഥാപനത്തിലെ ജീവനക്കാരും വിദ്യാർഥിനികളും ആവശ്യപ്പെടുന്ന പക്ഷം ഭക്ഷണ സാധനങ്ങൾ പാർസൽ ആയി നൽകേണ്ടതാണ് .**

11. ഉച്ച ഊണിന് ദിവസവും കുറഞ്ഞത് രണ്ട് തരത്തിലുള്ള **സ്പെഷ്യൽ കറികൾ ഉണ്ടായിരിക്കണം .(മീൻ , മുട്ട , ഇറച്ചി)**

12. വലിപ്പ വ്യത്യാസമനുസരിച്ച് മീൻ കറിയുടെ വില നിശ്ചയിക്കുക . **ഗുണമേന്മയുള്ള അരി** മാത്രം ഉപയോഗിക്കുക .

13. **ക്യാന്റീനിലെ ജീവനക്കാർ സ്ത്രീകളായിരിക്കണം . അവർ ഹെഡ്ക്യാപ്പ് ധരിച്ച് വേണം പാചകം ചെയ്യാനും വിതരണം ചെയ്യാനും .**

14. കാന്റീൻ കമ്മിറ്റിയുടെയോ മറ്റ് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരുടെയോ പരിശോധനകളുമായി സഹകരിക്കുക .ആഹാര സാധനങ്ങളുടെ ഗുണ നിലവാരത്തെ കുറിച്ചോ പ്രവർത്തനം സംബന്ധിച്ചോ എന്തെങ്കിലും പരാതി ലഭിച്ചാൽ കാന്റീൻ പ്രവർത്തനം റദ്ദ് ചെയ്യുന്നതിന് കമ്മിറ്റിക്ക് അധികാരം ഉണ്ടായിരിക്കും .

15. പുറത്തു നിന്നുള്ള വ്യക്തികൾക്ക് ക്യാന്റീനിൽ പ്രവേശിക്കാനും ഭക്ഷണം കഴിക്കുവാനും അനുവാദം ഉണ്ടായിരിക്കുന്നതല്ല .

16. കാന്റീൻ പരിസരവും കെട്ടിടവും വൃത്തിയായി സൂക്ഷിക്കുക .

17. ശീതള പാനീയങ്ങൾ മാർക്കറ്റിൽ ലഭ്യമാകുന്ന അളവുകളിലും വിലയിലും വേണം നൽകുവാൻ .

18. കാന്റീൻ പ്രവർത്തിപ്പിക്കുവാനുള്ള അനുവാദം വനിതകൾക്ക് മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു .

1 9 . **കാന്റീൻ മാസവാടകയായ 150/- രൂപ ഓഫീസിൽ എല്ലാ മാസവും പത്താം തിയതിക്കുളിൽ അക്കൌണ്ട്സ് എ സെക്ഷനിൽ ഒടുക്കേണ്ടതും, അക്കൌണ്ട്സ് എ സെക്ഷനിൽ നിന്ന് ഈ തുക "0202-02-800-94 OTHER RECEIPTS" എന്ന ശീർഷകത്തിൽ ഒടുക്കുന്നതായിരിക്കും . കറന്റ് , വാട്ടർ ചാർജ്ജ് എന്നിവ കാന്റീൻ നടത്തിപ്പുകാർ അടയ്ക്കേണ്ടതാണ് . ബിൽ റെസീപ്റ്റ് കാന്റീൻ മാസവാടകയായ 150/- രൂപ നൽകുന്നതിനോടൊപ്പം നൽകണ്ടതാണ്.**

20. കാന്റീൻ പ്രവർത്തന കാലാവധി പരമാവധി ഒരു വർഷമായിരിക്കും .

21. **ഫുഡ് സേഫ്റ്റി അധികൃതരുടെ ടോൾ ഫ്രീ നമ്പർ ആയ 1800-425-1125 വ്യക്തമാക്കത്തക്ക രീതിയിൽ (കുറഞ്ഞത് 30 cm x 21.5cm ) കാന്റീന് അകത്ത് പ്രദർശിപ്പിക്കേണ്ടതാണ്.**

22. ശനിയാഴ്ച ഉൾപ്പെടെയുള്ള എല്ലാ പ്രവർത്തി ദിവസങ്ങളിലും പ്രവർത്തി സമയം മുഴുവൻ കാന്റീൻ തുറന്നു പ്രവർത്തിക്കേണ്ടതാണ് .

23. **കാന്റീൻ വിൽപ്പന നടത്തുന്ന എല്ലാ ഭക്ഷ്യ വസ്തുക്കളുടെയും വിലവിവര പട്ടിക പ്രദർശിപ്പിക്കേണ്ടതാണ്.**

2 4 . **ആരോഗ്യത്തിന് ഹാനീകരമായേക്കാവുന്ന മായം കലർന്നതോ പഴകിയതോ ആയ യാതൊരു വിധ ഭക്ഷണങ്ങളും ക്യാന്റീനിൽ വിൽപ്പന നടത്തുവാൻ പാടില്ല .**

25. കരാർ പ്രകാരം നിശ്ചയിക്കപ്പെട്ട ഭക്ഷ്യ വസ്തുക്കളുടെ വില കാലാവധി തീരും വരെ മാറ്റമില്ലാതെ തുടരേണ്ടതാണ് .

26. **ക്യാന്റീന്റെ പ്രവർത്തനം മൂലം സ്ഥാപനത്തിന്റെ സ്ഥാവരജംഗമവസ്തുക്കൾക്ക് യാതൊരു കേടുപാടുകളോ നാശനഷ്ടങ്ങളോ സംഭവിക്കാൻ പാടില്ല സംഭവിക്കുന്ന നഷ്ടങ്ങൾക്ക് കരാറുകാരി ബാധ്യസ്ഥ ആയിരിക്കുന്നതാണ് .**

27. മേൽ പറഞ്ഞ വ്യവസ്ഥകൾക്ക് വിരുദ്ധമായി പോളിടെക്നിക് കോളേജിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്ന യാതൊരു വിധ പ്രവർത്തനവും അനുവദിക്കുന്നതല്ല .

28. കാന്റീൻ നടത്തിപ്പിൽ പരാതിയോ , ആക്ഷേപമോ ലഭിച്ചാൽ ആയത് പരിശോധിച്ച് നോട്ടീസ് കൂടാതെ കാന്റീൻ പ്രവർത്തനം തടഞ്ഞു വയ്പ്പിക്കാനുള്ള അധികാരം പ്രിൻസിപ്പാളിൽ നിക്ഷിപ്തമായിരിക്കും .

29. സ്ഥാപനത്തിന് പുറത്തെ ആവശ്യങ്ങൾക്കോ ഓർഡറുകൾക്കോ ആയി കാന്റീൻ സൗകര്യം ഉപയോഗപ്പെടുത്താൻ പാടില്ല .

30. കാന്റീൻ ലഘു ഭക്ഷണത്തിൽ ആവിയിൽ പുഴുങ്ങുന്ന ഭക്ഷണം എല്ലാ ദിവസവും നിർബന്ധമായും ഉണ്ടായിരിക്കണം .

31. **കാന്റീൻ ജീവനക്കാർക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഹെൽത്ത് കാർഡ് നിർബന്ധമാണ് .**

Draft #8 of File D/855/23/WPC-KMN Approved by Principal on 11-Jun-2024 12:36 PM - Page 3

32. **ഫുഡ് സേഫ്റ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ് .**

33. കാൻറ്റീൻ നടത്തിപ്പുമായി ബന്ധപ്പെട്ട് ലഭിച്ച ക്വട്ടേഷനുകൾ പരിശോധിച്ചതിൽ വച്ച് ഏറ്റവും കുറവ് തുക രേഖപ്പെടുത്തി കാൻറീൻ നടത്തുന്നതിനുള്ള കരാർ ലഭിക്കുന്ന വ്യക്തികളിൽ / സ്ഥാപനങ്ങൾ . **സെക്യൂരിറ്റി ഡെപ്പോസിറ്റ് ട്രഷറി സർവീസ് ബാങ്ക് ഡെപോസിറ്റ് സർട്ടിഫിക്കറ്റ് / ബാങ്ക് ഗ്യാരൻറീ 5000/- രൂപ ഓഫീസിൽ അടച്ച് രസീത് കൈപ്പറ്റേണ്ടതാണ് . കൂടാതെ 220 /- രൂപയുടെ കേരള സർകാർ മുദ്രപത്രത്തിൽ ചട്ടപ്രകാരമുള്ള കരാർ എഴുതി** സമർപ്പിക്കേണ്ടതാണെന്നും ഇതിനാൽ അറിയിക്കുന്നു .

**പ്രിൻസിപ്പാൾ**

പകർപ്പ്

1. നോട്ടീസ് ബോർഡ് (ജി.ഡബ്ല്യു.പി.ടി.സി )
2. നോട്ടിസ് ബോർഡ്(ജെ.സി.ടി.ഇ തിരുവനന്തപുരം)
3. നോട്ടീസ് ബോർഡ് (കെ.എസ്.ആർ.ടി.സി പാപ്പനംകോട്)
4. നഗരസഭ സോണൽ ഓഫീസ് , നേമം തിരുവനന്തപുരം
5. ഓഫീസ് കോപ്പി / കരുതൽ ഫയൽ

Approval Valid

Digitally Approved By
ബീന എസ്
Date: 11.06.2024
Reason: Approved

Draft #8 of File D/855/23/WPC-KMN Approved by Principal on 11-Jun-2024 12:36 PM - Page 4

The document is digitally approved. Hence signature is not needed.